# ശുചിത്വകേരളം

വാർത്താപത്രിക

പുസ്തകം 1 • ലക്കം 2

ഫെബ്രുവരി 2017

ശുചിത്വമിഷൻ • തദ്ദേശസ്വയംഭരണവകുപ്പ് • കേരളസർക്കാർ

മാസപ്പതിപ്പ്


## ഒരു ഹരിതകാലം പുനർജ്ജനിക്കട്ടെ

ഹരിതശോഭയാർന്ന പ്രകൃതിയും, മലിനമാകാത്ത മണ്ണും, വിഷപ്പുകയില്ലാത്ത വായുവും, പരിശുദ്ധമായ ജലവും നമുക്ക് അന്യമായിരിക്കുന്നു. ഓർമ്മയുടെ അടിത്തളങ്ങളിൽ നിന്നും ഇവയെ നമുക്ക് നേർക്കാഴ്ചയിലേക്ക് നയിക്കണം. സ്വാതന്ത്ര്യം നേടി, എഴുപതാണ്ടുകൾ കഴിഞ്ഞിട്ടും നമുക്ക് നേടാൻ കഴിയാത്ത ഒന്നുണ്ട്, സമ്പൂർണ്ണ ശുചിത്വം. ''സ്വാതന്ത്ര്യത്തേക്കാൾ പ്രധാനമാണ് ശുചിത്വം'' (sanitation is more important than freedom) എന്ന് ഉദ്ഘോഷിച്ച രാഷ്ട്രപിതാവിന്റെ വാക്കുകൾ നമുക്ക് എന്നോ കൈമോശം വന്നുപോയി. ഇവയൊക്കെയും വീണ്ടെടുക്കാൻ ഒരു ഗതകാലത്തിന്റെ നല്ല സ്മരണകൾ അയവിറക്കി നമുക്ക് മുന്നേറാം. ഒരു കുടക്കീഴിൽ ഹരിതകേരളത്തിനായി കൈകോർക്കാം.

ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം, ജൈവകൃഷി എന്നിവയുടെ സമന്വയത്തിലൂടെ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടാണ് സർക്കാർ ഹരിതകേരളം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്. ഇതിലൂടെ പ്രാവർത്തികമാകുന്ന സമഗ്രമായ വികസനം എന്ന ലക്ഷ്യത്തിലൂന്നി ബഹുവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച്, അന്യം നിന്നും പോയ കാർഷികസംസ്കൃതിയും വൃത്തിയും വെടിപ്പുമുള്ള സമൂഹവും നമുക്ക് വീണ്ടെടുക്കാം.

ഹരിതകേരളം പദ്ധതിയിലെ സുപ്രധാന ഘടകങ്ങളാണ് ശുചിത്വവും മാലിന്യ സംസ്കരണവും. കേരളം ഹരിതാഭമാകുന്നതിൽ ശുചിത്വമിഷന് നിർണ്ണായകമായ പങ്കുണ്ട്. മാലിന്യം പൂർണ്ണമായി ഒറ്റയടിക്ക് നിർമ്മാർജ്ജനം ചെയ്യാൻ സാധ്യമല്ല എന്ന തിരിച്ചറിവിലൂടെ അളവ് കുറയ്ക്കൽ (Reduce), പുനരുപയോഗം (Reuse), പുന:ചംക്രമണം (Recycle) എന്ന തത്വത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷൻ തുടക്കം കുറിച്ച് കഴിഞ്ഞു. ഗ്രീൻ പ്രോട്ടോക്കോളിലൂടെ ഒരു ഹരിത സംസ്കൃതി നമുക്ക് നേടിയെടുക്കാൻ കഴിയും. തുടക്കത്തിൽ സർക്കാർ പരിപാടികൾ, മേളകൾ, ആഘോഷങ്ങൾ എന്നിവയിലും പിന്നീട് സർക്കാർ-സ്വകാര്യസ്ഥാപനങ്ങൾ, മതപരമായ ആഘോഷങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിവാഹ ചടങ്ങുകൾ എന്നിവകളിലേക്കും ഗ്രീൻ പ്രോട്ടോക്കോൾ പ്രാവർത്തികമാക്കുകയാണ്.



ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ ഒത്തുകൂടുന്ന ശബരിമലയിൽ ഗ്രീൻ പ്രോട്ടോക്കോൾ വിജയിപ്പിക്കാമെങ്കിൽ എവിടെയാണ് നമുക്ക് ഇത് കഴിയാത്തത്. ഇതിനാവശ്യം മനസ്സ് മാത്രമാണ്. ഒരു ഹരിതമനസ്സ്. ഓരോ വ്യക്തിയും 'ഹരിതമായാൽ' വീടുകൾ ഹരിതമാകും. ഗ്രീൻ പ്രോട്ടോക്കോളിനൊപ്പം, സ്വാപ്പ്ഷോപ്പുകൾ സ്ഥിരമായ ഒരു സംവിധാനമാകണം. ഏതെങ്കിലുമൊരു ജൈവമാലിന്യ സംസ്കരണ സംവിധാനം എല്ലാ വീടുകളിലും ഉണ്ടാവണം. എല്ലാ സ്ഥാപനങ്ങളിലും ഉണ്ടാവണം. മാലിന്യം കുമിഞ്ഞുകൂടുന്ന എല്ലാ പൊതുകേന്ദ്രങ്ങളിലും ഉണ്ടാവണം. ഇതിലൂടെ ജൈവകൃഷിയും നമുക്ക് പ്രോത്സാഹിപ്പിക്കാം. ഒരു ഹരിതകാലത്തിന്റെ പുനർജന്മത്തിനായി നമുക്ക് ഒരുമിക്കാം. ഒരുമിച്ച് മുന്നേറാം.

**ഡോ. കെ. വാസുകി** ഐ.എ.എസ്.
ചീഫ് എഡിറ്റർ



*ഒ ഡി എഫ് പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി അമ്പതുലക്ഷം രൂപ മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന, മുഖ്യമന്ത്രി പിണറായി വിജയന്റെയും, വ്യവസായമന്ത്രി എ.സി. മൊയ്തീന്റെയും സാന്നിദ്ധ്യത്തിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. വാസുകിക്ക് നൽകുന്നു*

## ശുചിത്വകേരളം കൂട്ടായ്മയിലൂടെ






# 57-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ഹരിതകേരള ചരിത്രത്തിലേക്ക്



കണ്ണൂരിൽ നടന്ന 57-ാമത് സംസ്ഥാന സ്കൂൾ കലോത്സവം അക്ഷരാർത്ഥത്തിൽ 'ഗ്രീൻ പ്രോട്ടോകോൾ' കലോത്സവമായി മാറി. 20 വേദികളിലും ഗ്രീൻ പ്രോട്ടോകോൾ പ്രകാരമായിരുന്നു മത്സരങ്ങൾ. കലോത്സവ വേദികളിൽ പ്ലാസ്റ്റിക്, ഡിസ്പോസിബിൾ വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കി. ഫ്ളക്സിനു പകരം കണ്ണൂരിന്റെ തറിയിൽ നെയ്ത കോട്ടൺ തുണി, ചണം, പായ എന്നീ പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രമാണ് ഉപയോഗിച്ചത്.

പ്രധാന വേദിയായ 'നിള'യിൽ സജ്ജീകരിച്ചിരുന്ന ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റിയുടെ പവിലിയൻ ഏറെ ശ്രദ്ധിക്കപ്പെട്ടു. തികച്ചും പ്രകൃതിസൗഹൃദ വസ്തുക്കൾ കൊണ്ട് മാത്രം നിർമ്മിച്ച പവലിയൻ കലോത്സവം കാണാനെത്തുന്നവർക്ക് ഫോട്ടോ സെഷൻ വേദിയായി മാറിയത് സ്വാഭാവികം. കലോത്സവ വേദിയിൽ പ്ലാസ്റ്റിക് കവറിൽ ഒരു തരത്തിലുമുള്ള ഭക്ഷണ സാധനങ്ങളും ലഭ്യമായിരുന്നില്ല. മുഴുവൻ ഭക്ഷണ സാധനങ്ങളും പ്രകൃതി സൗഹൃദ വസ്തുക്കളിൽ മാത്രം നൽകിയത് ജനങ്ങൾക്ക് വേറിട്ട അനുഭവമായി മാറി.

ഗ്രീൻ പ്രോട്ടോകോൾ പരിശീലനം നേടിയ ഇരുനൂറിൽ പരം ജെ. ആർ.സി വോളണ്ടിയർമാർ പച്ചക്കോട്ടുകൾ ധരിച്ചാണ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. പ്ലാസ്റ്റിക് സഞ്ചിയുമായി ആരെങ്കിലും എത്തിയാൽ അത് വാങ്ങി പകരം തുണി സഞ്ചി നൽകിയാണ് ഗ്രീൻ വോളണ്ടിയർമാർ കാണികളെ സ്വീകരിച്ചത്. സ്പോൺസർഷിപ്പിലൂടെ സമാഹരിച്ച 5500 ൽപ്പരം തുണിസഞ്ചികൾ വിതരണം ചെയ്തു. ഓരോ ദിവസവും 25000 പേർക്കാണ് സദ്യ ഒരുക്കിയത്. വാഴയിലയും സ്റ്റീൽ ഗ്ലാസും ഉപയോഗിച്ചാണ് ഭക്ഷണം നൽകിയത്. വളരെ വൃത്തിയായി ഭക്ഷണ ശാലയും, പരിസരവും സൂക്ഷിച്ചിരുന്നു. ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനത്തിനാ



*ഗ്രീൻപ്രോട്ടോക്കോൾ പരിശീലനം നേടിയ ജെ.ആർ. സി വോളന്റിയർമാർ*



*കലോൽസവത്തിൽനിന്ന്*

വശ്യമായ പ്രകൃതി സൗഹൃദ വേസ്റ്റ് ബിൻ ആയി ഉപയോഗിച്ചത് ഓല കൊണ്ടുള്ള 'വല്ലം' ആയിരുന്നു. ഇതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ വല്ലംമെടയൽ മത്സരം നടത്തി. അതിന് വർദ്ധിച്ച സ്വീകാര്യത ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ടും പൊതുജനങ്ങൾ വളരെ താത്പര്യപൂർവ്വമാണ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ സ്വീകരിച്ചത്.


ചീഫ് എഡിറ്റർ
**ഡോ. കെ. വാസുകി IAS**
എക്സിക്യൂട്ടീവ് ഡയറക്ടർ

എഡിറ്റർ
**ഡി. സരോജം**

എഡിറ്റോറിയൽ സമിതി

**സി.വി. ജോയ്**
ഡയറക്ടർ (ഓപ്പറേഷൻസ്)

**ഫിറോസ് എ.**
ഡയറക്ടർ (പബ്ലിക് റിലേഷൻസ്)

**എൽ.പി. ചിത്തർ**
ഡയറക്ടർ (ഡ്രിങ്കിംഗ് വാട്ടർ)

**സി. ശശിധരൻപിള്ള**
പ്രോഗ്രാം ഓഫീസർ (ഹെൽത്ത്)

**ഷാജി ക്ലമന്റ്**
പ്രോഗ്രാം ഓഫീസർ (മോണിറ്ററിംഗ്)

**ജോസഫ് സി. പി**
പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്)

**എബ്രഹാം തോമസ് രഞ്ജിത്ത്**
പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി.)

**അമീർഷാ ആർ.എസ്.**
പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു.)

**ജയകുമാർ**
സാനിട്ടേഷൻ എക്സ്പെർട്ട്

**ജി. ജ്യോതിഷ്ചന്ദ്രൻ**
പ്രോജക്ട് കൺസൾട്ടന്റ്

**രഞ്ജു ആർ. പിള്ള**
സിനിയർ കൺസൾട്ടന്റ് (ഡിസൈൻ)

**ശരണ്യ വി. രാജ്**
സിനിയർ കൺസൾട്ടന്റ് (ടെക്നിക്കൽ)



ഹരിതകേരളം കാമ്പയിനിന്റെ ഭാഗമായി ശുചിത്വമിഷൻ വികസിപ്പിച്ച വെബ് പോർട്ടലിന്റെ ഔദ്യോഗിക ഉദ്ഘാടനം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിക്കുന്നു.

# എൻ.എസ്.എസ്. സപ്തദിന ക്യാമ്പുകൾ – ശുചിത്വസന്ദേശത്തിന്റെ ഉദാത്ത മാതൃകകൾ

തിരുവനന്തപുരം ജില്ലയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവിധ പരിപാടികളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീമിന്റെ വാർഷിക സപ്തദിന ക്യാമ്പുകൾ. ജില്ലയിലെ 93 ക്യാമ്പുകളിലായി 4650 ഓളം വിദ്യാർത്ഥികളാണ് ഏഴ് ദിനങ്ങൾ ശുചിത്വവാഹകരായി പ്രവൃത്തിച്ചത്. 2015 ലെ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ഈ വർഷവും എൻ.എസ്.എസ് ക്യാമ്പുമായി സഹകരിക്കുന്നതിന് ശുചിത്വമിഷൻ തയ്യാറായത്. കുട്ടികളിൽ ശുചിത്വാവബോധം വളർത്തുക, ജലത്തിന്റെ ഉപഭോഗം സംബന്ധിച്ചും, സംരക്ഷണം സംബന്ധിച്ചും കുട്ടികളുമായി ആശയ വിനിമയം നടത്തുക, ഫീൽഡ് സന്ദർശനം നടത്തി പ്ലാസ്റ്റിക്കിന്റെ ആപത്തു സംബന്ധിച്ച് ജനങ്ങളുമായി ചർച്ച ചെയ്യുകയും, വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുകയും ചെയ്യുക എന്നിവയായിരുന്നു ക്യാമ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇതോടൊപ്പം ജലനിധിയുടെ ഭാഗമായി പ്രവൃത്തിക്കുന്ന സി.സി.ഡി.യുമായി ചേർന്ന് ഓരോ ക്യാമ്പിനും അനുബന്ധമായി 100 വീടുകളിൽ ജലപരിശോധനയും നടത്തുകയുണ്ടായി.

## പരിശീലനം

ക്യാമ്പുകൾ അർത്ഥപൂർണ്ണമാക്കുന്നതിന് നേതൃത്വം കൊടുക്കുന്ന അധ്യാപകർക്കും, ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺമാർക്കുമുള്ള ഏകദിന പരിശീലനം ജില്ലാ പഞ്ചായത്തു ഹാളിൽ വച്ച് കഴിഞ്ഞ ഡിസംബർ 16 ന് നടന്നു. ജില്ലാ പഞ്ചായത്തു പ്രസിഡന്റ് ശ്രീ. വി.കെ. മധു പരിശീലനം ഉദ്ഘാടനം ചെയ്തു. ശ്രീ. വി. ഹരിലാൽ, ശ്രീ. ശശിധരൻപിള്ള (പ്രോഗ്രാം ഓഫീസർ, ശുചിത്വമിഷൻ) ശ്രീമതി ജെസ്ന, ശ്രീ. മുകേഷ് (സി.സി.ഡി.യു) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. ജലത്തെ കുറിച്ചുള്ള അറിവ്, മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ, ജലപരിശോധന തുടങ്ങിയവയെല്ലാം ഈ ക്ലാസ്സുകളിലൂടെ പകർന്നു നൽകി. തുടർന്ന് പുതുവത്സരദിനം ഉൾപ്പെടെയുള്ള ഏഴ് ദിനങ്ങൾ അർത്ഥ പൂർണ്ണമാക്കാനുള്ള തീരുമാനങ്ങളുമായാണ് പരിശീലനം പൂർത്തിയായത്.



റിസോഴ്സ് പേഴ്സൺമാർക്കും അധ്യാപകർക്കുമുള്ള ശില്പശാല ജില്ലാ പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്യുന്നു.

ക്യാമ്പുകളുടെ അനുബന്ധമായി ജില്ലയിലാകെ അര ലക്ഷത്തോളം വീടുകൾ കുട്ടികൾ സന്ദർശിച്ചു. പ്ലാസ്റ്റിക് കത്തിക്കുകയും, കുഴിച്ചിടുകയും ചെയ്യുന്നതു വഴി ഉണ്ടാകുന്ന അപകടങ്ങൾ അവരെ ബോധ്യപ്പെടുത്തു കയും, വീടുകളിലും, പരിസര പ്രദേശങ്ങളിലുമുള്ള പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് വൃത്തിയാക്കി വയ്ക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി 868 ചാക്ക് പ്ലാസ്റ്റിക് ശേഖരിക്കുകയും ജില്ലാ ശുചിത്വമിഷൻ ക്രമീകരിക്കുന്ന പാഴ്വസ്തു വ്യാപാരികൾക്ക് അവ കൈമാറുകയും ചെയ്തു. കുട്ടികളിലും അതുവഴി പൊതുജനങ്ങളിലും ഈ ആശയം ഫലപ്രദമായി എത്തിക്കാൻ ഈ പ്രവർത്തനം വഴി സാധിച്ചു. ജില്ല കേന്ദ്രീകരിച്ച് സമയബന്ധിതമായി ചുരുങ്ങിയ ചെലവിൽ സംഘടിപ്പിക്കാനായ ഈ ഐ.ഇ.സി. പ്രവർത്തനങ്ങൾ നല്ല മാതൃകയാക്കാവുന്നതാണ്.






'ജലം ജീവാമൃതം': ജലാശയങ്ങൾ മാലിന്യമുക്തമാക്കുക;
നദികളിലും ജലാശയങ്ങളിലും പാഴ്വസ്തുക്കൾ വലിച്ചെറിയുന്നത് തടയുക

# ശുചിത്വമിഷന് നൂതന വികസനപദ്ധതിക്കുള്ള അവാർഡ്

ശുചിത്വമിഷന്റെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിന് മുഖ്യമന്ത്രിയുടെ 2015-ലെ അവാർഡിന് അർഹമായി. 5 ലക്ഷം രൂപയും പ്രശസ്തി പത്രവും സർട്ടിഫിക്കറ്റുകളും അടങ്ങുന്നതാണ് അവാർഡ്. ഫെബ്രുവരി 13 ന് സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി അവാർഡ് സമ്മാനിക്കും. പൊതു ജന സേവനങ്ങളിൽ നവ പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ സർക്കാറിതര സംഘടനകളെയും സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായാണ് സംസ്ഥാന സർക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിലെ 2015 ലെ അവാർഡാണ് 'ഗ്രീൻ പ്രോട്ടോക്കോൾ' എന്ന ആശയം പ്രാവർത്തികമാക്കിയതിന് ശുചിത്വമിഷൻ നേടിയത്. സംസ്ഥാന ഗവൺമെന്റിനു വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (IMG) നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതിയാണ് അവാർഡിനായുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. മുഖ്യമന്ത്രിയുടെ അവാർഡ് ലഭിച്ചതിലൂടെ ശുചിത്വമിഷൻ മറ്റൊരു അംഗീകാരത്തിനുകൂടി അർഹമായിരിക്കുകയാണ്.



*ശുചിത്വ കേരളം വാർത്താപത്രികയുടെ ആദ്യപ്രതി തദ്ദേശസ്വയം വകുപ്പുമന്ത്രി ഡോ. കെ.ടി.ജലീൽ പ്രകാശനം ചെയ്യുന്നു.*



## ഗവർണർ നൽകിയ റിപ്പബ്ലിക്ദിന സായാഹ്നവിരുന്നിൽ ഗ്രീൻപ്രോട്ടോക്കോൾ മാതൃകയായി

ഈ വർഷത്തെ റിപ്പബ്ലിക്ക് ദിനാഘോഷങ്ങളുടെ ഭാഗമായി ഗവർണർ റിട്ട. ജസ്റ്റിസ് പി. സദാശിവം വിശിഷ്ട അതിഥികൾക്കായി നടത്തിയ വിരുന്നു സൽക്കാരം ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നതിൽ വേറിട്ട അനുഭവമായി. രാജ്ഭവനിൽ ക്ഷണിക്കപ്പെട്ട വിശിഷ്ടഅതിഥികൾക്കായി സംഘടിപ്പിച്ച വിരുന്നു സൽക്കാരത്തിൽ ഭക്ഷണവും പാനീയങ്ങളും കുടിവെള്ളവും വിതരണം ചെയ്തത് പൂർണ്ണമായും പ്ലാസ്റ്റിക് പാത്രങ്ങൾ ഒഴിവാക്കികൊണ്ടായിരുന്നു. ഭക്ഷണ പദാർത്ഥങ്ങൾ പാഴാകുന്നത് ഒഴിവാക്കാനും പ്രത്യേകം കരുതൽ എടുത്തിരുന്നു. പ്രോഗ്രാം ഓഫീസർ ശ്രീ. അമീർഷയുടെ നേതൃത്വത്തിലുള്ള ശുചിത്വമിഷൻ പ്രതിനിധികൾ വിരുന്നുസൽക്കാരത്തിലെ ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹായിച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളും രാജ് ഭവനിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

**ശുചിത്വകേരളം വാർത്താപത്രിക ലഭിക്കുന്നതിന്:**
ശുചിത്വ അവബോധം സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനായി സംസ്ഥാന ശുചിത്വമിഷൻ പുറത്തിറക്കിയ ശുചിത്വ കേരളം വാർത്താ പത്രിക തപാലിലോ നേരിട്ടോ ലഭിക്കുന്നതിന് ശുചിത്വമിഷൻ സംസ്ഥാന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.



# ബയോപാർക്ക്: നിയമസഭാസമുച്ചയത്തിലെ ശ്രദ്ധാകേന്ദ്രമായി മാറുന്നു

സംസ്ഥാന ശുചിത്വമിഷന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ സ്ഥാപിച്ച ബയോപാർക്ക് ഇന്ന് ഭരണകർത്താക്കളുടെയും ഉദ്യോഗസ്ഥരുടെയും മാത്രമല്ല പൊതുജനങ്ങളുടെയും സന്ദർശന പഠന കേന്ദ്രമായി മാറുകയാണ്.

വിവിധ തരത്തിലുള്ള കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ എയ്റോബിക് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ്, ബയോഗ്യാസ്(50 കിലോ/ദിവസം) എന്നിവയാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്. കൂടാതെ പ്ലാസ്റ്റിക്, മെറ്റൽ ഇ-വേസ്റ്റ് തുടങ്ങിയവ ശേഖരിച്ച് വെക്കുന്നതിനായി ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(എം.ആർ.എഫ്) സെന്ററും ഇതിനോടൊപ്പം പ്രവർത്തിക്കുന്നു. ഇവിടെ നിന്നും ലഭിക്കുന്ന ജൈവവളം നിയമസഭാ കോംപ്ലക്സിന് പിറകിലുള്ള കൃഷിത്തോട്ടത്തിൽ





ഉപയോഗിക്കുന്നു. നിയമസഭാ സാമാജികരുടെ ഏറെക്കാലത്തെ ആവശ്യമായിരുന്നു നിയമസഭാ കോംപ്ലക്സിലെ മാലിന്യസംസ്കരണ സംവിധാനം. ഭരണസിരാകേന്ദ്രത്തിലെ മാലിന്യസംസ്കരണ സംവിധാനം ഒരുക്കുന്നതിന് ശുചിത്വമിഷന്റെ സംഭാവന നിസ്തുലമായിരുന്നു. പ്രതിദിനം 50kg മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ബയോഗ്യാസ്പ്ലാന്റ്, ഏറോബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ (തുമ്പൂർമൂഴി മോഡൽ) ബക്കറ്റ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് തുടങ്ങിയ വിവിധ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. നിയമസഭാ ക്യാന്റീനിലെ മാലിന്യങ്ങൾ ഉൾപ്പെടെ സംസ്കരിക്കുന്നതു മൂലം, ക്യാന്റീൻ പ്രവർത്തനങ്ങൾക്കാവശ്യമായ ഇന്ധനം ബയോഗ്യാസ് പ്ലാന്റിൽ നിന്നും ലഭിക്കുന്നു. മാലിന്യസംസ്കരണ സംവിധാനങ്ങൾ പ്രവർത്തിക്കുന്നതോടൊപ്പം വിവിധ ജൈവമാലിന്യ സംസ്കരണ രീതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പഠിക്കുന്നതിനുമായാണ് ബയോപാർക്ക് സജ്ജമാക്കിയത്.



# ഹരിതനിയമാവലി അഥവാ ഗ്രീൻപ്രോട്ടോക്കോൾ എന്ത് ? എങ്ങനെ?

മണ്ണിനും മനുഷ്യരാശിക്കും ദുരന്ത സൂചന നൽകിക്കൊണ്ട് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും, ഇനവും വർദ്ധിച്ചു വരുന്നു. ആഗോളവത്കരണവും കമ്പോളവൽക്കരണവും ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പെട്ടെന്ന് മാറാനുള്ള വ്യഗ്രതയും നമ്മെ എത്തിച്ചിരിക്കുന്നത് മാലിന്യ കൂനകളിലേക്കും മാറാവ്യാധികളിലേക്കുമാണ്. മാലിന്യ കൂനകൾ ഉയരുന്നതും മാറാ വ്യാധികൾ പടരുന്നതും അത് പരിഹരിക്കാൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ പെരുകുന്നതും സ്ഥിരം കാഴ്ചയാണ്. നമ്മുടെ സമ്പത്തിന്റെ നല്ലൊരു പങ്കും ഇത്തരത്തിൽ അറിഞ്ഞോ അറിയാതെയോ ചെലവഴിച്ചു തീർക്കുകയാണ്. ഫലം ആരോഗ്യനഷ്ടം, ധനനഷ്ടം, പിന്നെ വരും തലമുറയുടെ ഭാവി അനിശ്ചിതത്വത്തിലാകുകയും ചെയ്യും. ''രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുക'' എന്ന ആപ്തവാക്യം ശുചിത്വമിഷൻ മുന്നോട്ട് വയ്ക്കുന്ന ഗ്രീൻ പ്രോട്ടോക്കോളിലൂടെ മറ്റൊരു വ്യഖ്യാനത്തിലേക്ക് എത്തുകയാണ്. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുന്നതിനുള്ള പോം വഴി അന്വേഷിച്ച് നടക്കാതെ മാലിന്യ ഉത്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

### എന്താണ് ഗ്രീൻ പ്രോട്ടാക്കോൾ

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾക്ക് പ്രചാരം കൊടുക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെ വളമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഗ്രീൻപ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പകുതിയോളം കുറയയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതു മൂലവും, കത്തിക്കുന്നത് മൂലവുമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങൾ കുറക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വൻ ജനപങ്കാളിത്തമുണ്ടാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും മേളകളിലും വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻതോതിലുള്ള മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്.

### ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ:

- നിത്യജീവിതത്തിൽ നിന്ന് പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള എല്ലാത്തരം ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗങ്ങളും പൂർണ്ണമായും ഒഴിവാക്കുക
- ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കാവുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുക.
- നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മാലിന്യ നിർമ്മാർജനത്തിനുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക.



*ശ്രീ. പിണറായി വിജയൻ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ ചടങ്ങിൽ ഗ്രീൻപ്രോട്ടോക്കോൾ പ്രചാരത്തിൽ ഏർപ്പെട്ടിരിക്കുന്ന എൻ.എസ്.എസ്. വോളന്റിയർമാർ*

- ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരംതിരിക്കുക.
- ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.
- അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിച്ച് നിശ്ചിത അളവാകുമ്പോൾ പാഴ്‌വസ്തു വ്യാപാരികൾക്ക് പുനഃചംക്രമണത്തിനായി കൈമാറുക.
- ഇ - മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിക്കേണ്ടതും അവ പാഴ് വസ്തു വ്യാപാരികൾക്ക് യഥാസമയം കൈമാറേണ്ടതുമാണ്.
- ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും, തുണിയിലോ, ചണത്തിലോ പേപ്പറിലോ ഉണ്ടാക്കിയ പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ കൈയ്യിൽ കരുതുകയും ചെയ്യുക.
- സാധനങ്ങൾ പരാമവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേണ്ടതും കടകളിൽ പോകുമ്പോൾ പ്രത്യേകം പ്രകൃതി സൗഹൃദ സഞ്ചികൾ കൈയ്യിൽ കരുതുകയും ചെയ്യുക.
- അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും അത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിക്കേണ്ടതും പുനഃചംക്രമണത്തിനായി പാഴ് വസ്തു വ്യാപാരികൾക്ക് നൽകേണ്ടതുമാണ്.

# ഗ്രീൻ പ്രോട്ടോക്കോൾ വിവാഹസൽക്കാരങ്ങളിലും








മാലിന്യത്തോത് കുറയ്ക്കാനുതകുന്ന ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവാഹ ആഘോഷങ്ങൾ എറണാകുളം ജില്ലയിലെമ്പാടും പുരോഗമിച്ചു വരുന്നു.

ഗ്രീൻ പ്രോട്ടോക്കോളിന്റെ ആവശ്യകതയും കാലിക പ്രാധാന്യവും വിശദമാക്കി സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്, ജില്ലാ കളക്ടർ സ്വന്തം കൈപ്പടയിൽ വിവിധ മതമേധാവികൾക്കും, വിവിധ സംഘടനാ ഭാരവാഹികൾക്കും കത്ത് അയച്ചതിലൂടെയായിരുന്നു, ഈ പ്രവർത്തനങ്ങളുടെ തുടക്കം.

തുടർന്ന് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്ത യോഗത്തിൽ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, കാറ്ററിംഗ് അസോസിയേഷൻ മുതലായവയുടെ പ്രതിനിധികൾ പങ്കെടുക്കുകയും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്ക് വർദ്ധിച്ച പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. മാതൃകാ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർ കയ്യൊപ്പിട്ട ബഹുമതി പത്രം നൽകുവാനും യോഗത്തിൽ ധാരണയായി.

ഇക്കഴിഞ്ഞ ജനുവരി 12-ാം തീയതി പെരുമ്പാവൂർ സീമാസ് ഓഡിറ്റോറിയത്തിൽ വച്ച് ജില്ലയിലെ ആദ്യ ഗ്രീൻ പ്രോട്ടോക്കോൾ വിവാഹം, ജനപ്രതിനിധികളുടെയും വിവിധ ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ നടത്തി. തുടർന്ന് എറണാകുളം, ആലങ്ങാട്, അങ്കമാലി, ആലുവ മുതലായ സ്ഥലങ്ങളിലായി നടന്ന ഗ്രീൻ പ്രോട്ടോക്കോൾ വിവാഹ ആഘോഷങ്ങളിൽ, എറണാകുളം എസ്.എസ്.കലാമന്ദിരിൽ ഗൗഡ സാരസ്വത ബ്രാഹ്മണ സമൂഹം നടത്തിയ വിവാഹ ആഘോഷത്തിൽ ജില്ലാ കളക്ടർ പങ്കെടുക്കുകയും നവദമ്പതികൾക്ക് ബഹുമതിപത്രം നൽകുകയും ഉണ്ടായി. വിവിധ മതവിഭാഗങ്ങളിൽപെട്ട 6 വിവാഹ ആഘോഷങ്ങൾ ഇതിനകം ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തിയിട്ടുണ്ട്.

നവദമ്പതിമാരുടെയും ബന്ധുക്കളുടെയും നേരിട്ടുള്ള ക്ഷണപ്രകാരം, ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ശുചിത്വ മിഷന്റെയും ഉദ്യോഗസ്ഥ പ്രതിനിധികൾ ഇത്തരം പ്രവർത്തനങ്ങൾ പങ്കെടുത്ത് പ്രോത്സാഹിപ്പിക്കുകയുണ്ടായി.

ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർച്ചയായി വരുന്ന മാധ്യമ വാർത്തകൾ ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ ജനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു എന്നതിന് തെളിവാണ്.

**പാഴ്‌വസ്തുക്കളിൽ നിന്ന് പണം നേടാം: പാഴ്‌വസ്തുക്കൾ യഥാവിധി വേർതിരിച്ച് അവ കൈകാര്യം ചെയ്യുന്നവരെ ഏൽപ്പിക്കുക**




# മിഷൻഗ്രീൻ ശബരിമല
## വിജയത്തിളക്കവുമായി ശുചിത്വമിഷൻ

തീർത്ഥാടനകാലത്ത് പാതയോരങ്ങളിലും പൂങ്കാവനത്തിലും പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ വലിച്ചറിയുന്നതാണ് ശബരിമലയെ സംബന്ധിച്ചടത്തോളം എന്നും അധികൃതർക്ക് തലവേദനയായിട്ടുള്ളത്. പലപ്പോഴും ഇത് പ്രകൃതിയുടേയും മറ്റുജീവജാലങ്ങളുടേയും നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്നു.

എന്നാൽ ശബരിമല തീർത്ഥാടനകാലത്ത് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇത്തവണ പ്ലാസ്റ്റികിന്റെ ഉപയോഗം പരമാവധികുറക്കാനും ശബരിമലയിലും പമ്പയിലും അനുബന്ധസ്ഥലങ്ങളിലും മാലിന്യത്തിന്റെ അളവ് കുറക്കാനും കഴിഞ്ഞ നേട്ടത്തിലാണ് ശുചിത്വമിഷൻ. ഇതിനായി തീർത്ഥാടനകാലം മുഴുവൻ പത്തനംതിട്ട ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ വിവിധ രീതിയിലുള്ള ബോധവത്കരണ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും നടത്തിയിരുന്നു.

പമ്പയെ മലിനമാക്കുന്നതിനെതിരേയും ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിനുള്ള ബോധവത്കരണ സന്ദേശങ്ങൾ നൽകുന്നതിനായി തീർത്ഥാടന കാലത്ത് എല്ലാ ദിവസവും ജില്ലയിലെ സ്കൂളുകലിൽ നിന്നും 50 വോളന്റിയർമാർ വീതം ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ പമ്പയിൽ എത്തി തീർത്ഥാടകരെ ബോധവത്കരിക്കുകയും പമ്പയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു.

ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ പമ്പയിലേയും സന്നിധാനത്തേയും മുഴുവൻ വ്യാപാരികൾക്കും പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യം തരംതിരിച്ചു സൂക്ഷിക്കുന്നതിന്റെ ആവശ്യകതയേപ്പറ്റിയും അത്തരത്തിൽ ചെയ്യാനുമുള്ള ബോധവത്കരണക്ലാസും നിർദ്ദേശങ്ങളും നൽകിയിരുന്നു.

വനംവകുപ്പിന്റെ സഹായത്തോടെ ശുചിത്വമിഷൻ ളാഹ മുതൽ പമ്പ വരെയും കണമല മുതൽ പമ്പ വരെയുമുള്ള സ്ഥലങ്ങളിൽ പാതയോരങ്ങളിലും വനത്തിനുള്ളിലേയും മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങളും ദിവസേന ശേഖരിച്ച് നീക്കം ചെയ്തിരുന്നു. ഇത്തരത്തിൽ ശേഖരിച്ച അജൈവമാലിന്യങ്ങൾ ജില്ലാ ശുചിത്വമിഷനുവേണ്ടി ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് എന്ന സ്ഥാപനം പുന:ചംക്രമണത്തിനായി ഏറ്റെടുത്തു.




ശബരിമലയിൽ എത്തിച്ചേരുന്ന ഭക്തർ പ്ലാസ്റ്റികിന്റെ ഉപയോഗം കുറക്കുന്നതിനായും പമ്പയിൽ വസ്ത്രങ്ങൾ വലിച്ചെറിയുന്നതിനെതിരെയും വിവിധ ഭാഷയിലും വിവിധ രീതിയിലുമുള്ള രണ്ടുലക്ഷത്തോളം ബോധവത്കരണ സ്റ്റിക്കറുകളും കാർഡുകളും തയ്യാറാക്കുകയും ഇവ ളാഹ, കണമല തുടങ്ങിയ ഫോറസ്റ്റ് ചെക്ക്പോസ്റ്റുകളിലും കുടുംബശ്രീ പ്രവർത്തകർവഴിയും ശുചിത്വമിഷന്റെ വോളന്റിയേഴ്സ് വഴിയും വാഹനങ്ങളിൽ പതിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരുന്നു. പമ്പയിലേക്കുവരുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പടെയുള്ള എല്ലാ വാഹനങ്ങളിലും ബോധവത്കരണ സ്റ്റിക്കറുകൾ പതിക്കുകയും കാർഡുകൾ വിതരണം ചെയ്യുകയും പ്ലാസ്റ്റിക് കവറുകൾക്ക് പകരം തുണിസഞ്ചികൾ വിതരണം നടത്തുകയും ചെയ്തു.

അയ്യപ്പഭക്തന്മാർ ഏറ്റവും കൂടുതൽ എത്തിച്ചേരുന്ന ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് എക്സ്ചേഞ്ച് കൗണ്ടർ സ്ഥാപിക്കുകയും അതുവഴിവരുന്ന എല്ലാ ഭക്തർക്കും പ്ലാസ്റ്റിക് കവറിനുപകരമായി തുണിസഞ്ചികൾ വിതരണം ചെയ്യുകയും ബോധവത്കരണ കാർഡുകൾ നൽകുകയും ചെയ്തു. കൂടാതെ റെയിൽവേ അനൗൺസ്മെന്റിന്റെ ഭാഗമായി ശബരിമല പ്ലാസ്റ്റിക് മുക്തമായി സൂക്ഷിക്കുന്നതിനും പമ്പയിൽ വസ്ത്രങ്ങൾ വലിച്ചെറിയുന്നതിനെതിരെയും തീർത്ഥാടനകാലം മുഴുവൻ വിവിധ ഭാഷകളിൽ സന്ദേശങ്ങൾ നൽകിയിരുന്നു.

തിരുവാഭരണഘോഷയാത്ര കടന്നുപോകുന്ന പാത പരിശുദ്ധമായി സൂക്ഷിക്കുന്നതിന് സ്വീകരണകമ്മിറ്റികളുമായി ചേർന്ന് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും അതുവഴി പ്ലാസ്റ്റികിന്റെ ഉപയോഗം പരമാവധി കുറക്കുന്നതിനും ശുചിത്വമിഷന് സാധിച്ചു. എല്ലാ സ്വീകരണ കേന്ദ്രങ്ങളിലും ഭക്ഷണപാനീയങ്ങൾ വിതരണം ചെയ്യുന്നതിന് പ്ലാസ്റ്റിക് ഒഴിവാക്കി സ്റ്റീൽ ഗ്ലാസുകളും പ്ലേറ്റുകളും മറ്റുമാണ് ഉപയോഗിച്ചിരുന്നത്. ഇതുവഴി മാലിന്യത്തിന്റെ അളവ് വളരെയധികം കുറക്കുവാൻ സാധിച്ചു. തീർത്ഥാടന കാലയളവിലെ അവസാന ദിവസം ശുചിത്വമിഷന്റെ നേതൃത്വത്തിൽ നിലക്കൽ പാർക്കിംഗ് മൈതാനം, നിലക്കൽ മുതൽ പമ്പ വരെയുള്ള പാതയോരങ്ങൾ, പമ്പ എന്നിവിടങ്ങളിൽ വിപുലമായ രീതിയിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തി. കൂടാതെ പമ്പാനദിയിൽ വലിച്ചെറിയപ്പെട്ട വസ്ത്രങ്ങൾ നീക്കംചെയ്യുകയും ചെയ്തു. ജില്ലയിലെ ഹയർസെക്കണ്ടറി - കോളേജ് തലത്തിലെ ഇരുനൂറോളം എൻ.എസ്.എസ് വോളണ്ടിയേഴ്സിന്റെ സഹായത്തോടെയാണ് ശുചീകരണപ്രവർത്തനങ്ങൾ നടത്തിയത്.

ദിവസവും ഇരുനൂറ് മുതൽ നാനൂറ് കിലോ വരെ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് തീർത്ഥാടനകാലത്ത് ശേഖരിച്ചുകൊണ്ടുപോയിരുന്നത്. ഹൈക്കോടതി ഉത്തരവ് പ്രകാരം ശബരിമലയിൽ കുപ്പിവെള്ളം നിരോധിച്ചതുമൂലം പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറഞ്ഞതായും വിവിധ രീതിയിലുള്ള ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ശബരിമലയും പമ്പയും അനുബന്ധസ്ഥലങ്ങളും മുൻവർഷങ്ങളെ അപേക്ഷിച്ച് മാലിന്യമുക്തമായി സൂക്ഷിക്കാൻ കഴിയുകയും ചെയ്തു. ഈ രീതിയിൽ ജനപങ്കളിത്തമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ സമീപഭാവിയിൽത്തന്നെ ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കാൻ സാധിക്കും.

‘ഹരിതകേരളം’ സമീപഭാവിയിൽ: അത് നാം നേടുക തന്നെ ചെയ്യും.

# പ്ലാസ്റ്റിക്മാലിന്യ നിർമ്മാർജ്ജനം

## ജി.എച്ച്.എസ്.എസ് പട്ടിക്കാട് മാതൃകയായി



ശുചിത്വമിഷന്റെ പുരസ്കാരം സ്കൂൾ പ്രതിനിധികൾ ഏറ്റുവാങ്ങുന്നു.







ജി.എച്ച്. എസ്. എസ്. പട്ടിക്കാടിന് ലഭിച്ച ഗ്ലോബൽ അവാർഡും യു.ആർ.എഫ് ഏഷ്യൻ റെക്കോർഡും

ജൂൺ 5 ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ വിദ്യാലയങ്ങളിൽ ഗ്രീൻപ്രോട്ടോക്കോളിന്റെ അനിവാര്യതയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സ് നടത്തുകയും ഇതോടനുബന്ധിച്ച് ''മുക്തി'' പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന യജ്ഞം എന്ന പരിസ്ഥിതി സൗഹൃദ പ്രവർത്തനത്തിന് പ്രാരംഭം കുറിക്കുകയും ചെയ്തു. വിദ്യാലയങ്ങളിലെ വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ വിദ്യാർത്ഥിപോലീസ് സേനയും (SPC) അവിടുത്തെ 1500 കുട്ടികളും അദ്ധ്യാപകരും അന്നത്തെ പ്രഥമാദ്ധ്യാപിക നാരായണി ടീച്ചറുടെയും തൃശൂർ ജില്ലാ ശുചിത്വമിഷന്റെയും പട്ടിക്കാട് പോലീസ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ ആയ ശ്രീ.പി.എസ്.സുനിൽകുമാറിന്റെയും SPC പ്രൊജക്ട് അദ്ധ്യാപികയായ ശ്രീമതി നന്ദിനി ടീച്ചറുടേയും കൂട്ടായ്മയുടെയും ഫലമായി മുക്തി പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിന്റെ തുടക്കം കുറിച്ചു. ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ ശ്രീ. ആർ. രവിരാജും അസി. കോ-ഓർഡിനേറ്റർ (ഐ.ഇ.സി) ശ്രീമതി രേഖയും ശുചിത്വമിഷന്റെ എല്ലാവിധ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ടി പ്രൊജക്ടിന് രൂപരേഖ നൽകുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന സ്ക്രാപ്പ് ഡീലർമാരുടെ പേരുവിവരങ്ങൾ നൽകുകയും ചെയ്തു. പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങളെ കൂടുതൽ സുഗമമാക്കി.

പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിൽ പഞ്ചായത്തിന്റെ സഹകരണവും ജില്ലാപഞ്ചായത്തിന്റെ ഒരു ലക്ഷം രൂപയുടെ സാമ്പത്തിക സഹായവും സ്കൂളിന് ലഭിച്ചു. ഇപ്പോൾ ശനി, ഞായർ, ദിവസങ്ങളിൽ ഗ്രാമസഭ നടക്കുന്ന സമയത്ത് SPC കേഡറ്റുകൾ ഗ്രാമസഭകൾ സന്ദർശിക്കുകയും ഗ്രീൻപ്രോട്ടോകോൾ, മാലിന്യ സംസ്ക്കരണം എന്നിവയുടെ അനിവാര്യതയെക്കുറിച്ച് ഗ്രാമസഭയിൽ സംസാരിക്കുകയും ചെയ്തു വരുന്നു. ഇതിന്റെ ഫലമായി ഗ്രാമവാസികൾ കുട്ടികളിലെ ആവേശവും ഉണർവ്വും ഉൾകൊണ്ട്കൊണ്ട് ഒത്തൊരുമയോടെ മുക്തി പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കുടുംബശ്രീ പ്രവർത്തകരും ആരോഗ്യകേന്ദ്രത്തിലെ ആശാവർക്കർമാരും ബോധവത്ക്കരണ പ്രക്രിയയിൽ പങ്കാളികളായി. എല്ലാ റസിഡൻസ് അസോസിയേഷനുകളും വ്യാപാരി വ്യവസായികളും ശേഖരിച്ച നീറ്റ് & ക്ലീൻ പ്ലാസ്റ്റിക് രാവിലെ 7 മുതൽ 9 മണി വരെയുള്ള സ്കൂളിലെ കളക്ഷൻ സെന്ററിൽ ഏൽപ്പിക്കുന്നു. ശേഖരിച്ച പ്ലാസ്റ്റിക് റീസൈക്ലിങ്ങിനു നൽകുന്നു. ഇതുവരെ 3 ടൺ പ്ലാസ്റ്റിക് റീസൈക്ലിങ്ങിനു നൽകി. ഈ പദ്ധതി ഏഷ്യൻ റെക്കോർഡിലേക്ക് നടന്നുകയറുകയും യൂണിവേഴ്സൽ ഫോറം അവാർഡും ജില്ലാ ശുചിത്വ മിഷൻ പുരസ്ക്കാരം അടക്കം 17ഓളം പുരസ്ക്കാരങ്ങൾ നേടുകയും ചെയ്തു.

ഈ ഭൂമിയെ സംരക്ഷിക്കേണ്ട ചുമതല നാളെയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികളിൽ നിന്നുതന്നെയാകട്ടെ എന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ട് വിദ്യാലയവും സമൂഹവും രണ്ടല്ല ഒന്നാണെന്ന അവബോധം ജനങ്ങളിൽ വളർത്തി വിദ്യാലയം-ഗൃഹം-ഗ്രാമം പ്ലാസ്റ്റിക് മാലിന്യമുക്ത പദ്ധതി വിജയകരമായി നടന്നുവരുന്നു.




ജി.എച്ച്. എസ്. എസ്. പട്ടിക്കാടിന്റെ നേതൃത്വത്തിൽ നടന്ന പ്ലാസ്റ്റിക് നിർമ്മാർജന യജ്ഞം

**നമ്മുടെ സ്വർഗവും നമ്മുടെ നരകവും നാം തന്നെയാണ് പണിയുന്നത്: മാലിന്യങ്ങളെ അകറ്റിയാൽ നമുക്കു സ്വർഗം സ്വന്തമാക്കാം.**

# സിറ്റി സാനിട്ടേഷൻ പ്ലാൻ അന്തിമരേഖ പ്രകാശനം ചെയ്തു



*നഗരസഭകളുടെ സിറ്റി സാനിട്ടേഷൻ പ്ലാൻ സംബന്ധിച്ച അന്തിമരേഖ ജർമ്മൻ ഫെഡറൽ റിപ്പബ്ലിക് കോൺസൽ ജനറൽ മിസ്. മാർഗിറ്റ് ഹെൽവിംഗ് ബോട്ടേ പ്രകാശനം ചെയ്യുന്നു.*

നഗരപ്രദേശങ്ങളിൽ ശുചിത്വവുമായി ബന്ധപ്പെട്ട മേഖലകളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനായി തയ്യാറാക്കിയ സിറ്റി സാനിട്ടേഷൻ പ്ലാനിന്റെ അന്തിമ രേഖ പുറത്തിറക്കി. ശുചിത്വമിഷന്റെയും ജർമ്മൻ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റേയും ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ ജനുവരി 17 ന് ൽ തിരുവനന്തപുരം ഹോട്ടൽ ഹിൽട്ടൺ ഗാർഡനിൽ നടന്ന ശില്പശാല ജർമ്മൻ ഫെഡറൽ റിപ്പബ്ലിക് കോൺസൽ ജനറൽ മിസ്. മാർഗിറ്റ് ഹെൽവിംഗ് ബോട്ടേ ഉത്ഘാടനം ചെയ്തു. കൊച്ചി മുൻസിപ്പൽ കോർപ്പറേഷനെ സ്മാർട്ട് സിറ്റിയുടെ ഭാഗമായി ജർമ്മൻ ഫെഡറൽ റിപ്പബ്ലിക് സഹായിക്കുമെന്ന് അവർ പറഞ്ഞു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. വാസുകി മുഖ്യപ്രഭാഷണം നടത്തി. പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ആയിരിക്കണം ശുചിത്വവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ കണ്ടെത്തേണ്ടതും, പരിഹാര മാർഗ്ഗങ്ങൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും. ഇതിനായി നഗരസഭാ പ്രദേശത്തെ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട മുഴുവൻ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്ന് ഡോ.കെ. വാസുകി പറഞ്ഞു. ഇത് സംബന്ധിച്ച് നാഷണൽ അർബൻ സാനിട്ടേഷൻ പോളിസി പ്രോജക്ട് ഡയറക്ടർ മി.ഡർക്ക് വാൽത്തർ, ടെക്നിക്കൽ അഡ്വൈസർ മിസ്. സാറാ ഹേബർസാക്, ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) ശ്രീ.സി.വി.ജോയ്, കുടിവെള്ള വിഭാഗം ഡയറക്ടർ ശ്രീ. എൽ.പി.ചിത്തർ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. നാഷണൽ അർബൻ സാനിട്ടേഷൻ പോളിസി 2008 അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട 14 നഗരസഭകളിൽ ജർമ്മൻ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ (GIZ) സഹായത്തോടെയാണ് സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കിയത്. പ്രസ്തുത ചടങ്ങിൽ 14 നഗരസഭകളേയും ആദരിക്കുകയുണ്ടായി. 13 നഗരസഭകൾ കൂടി 'നഗരശുചിത്വ പദ്ധതി' തയ്യാറാക്കി വരുന്നു.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 27 നഗരസഭകളിലെ ചെയർമാൻമാർ, സെക്രട്ടറിമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, എൻജിനീയർമാർ, ശുചിത്വ മിഷൻ പ്രതിനിധികൾ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു.

**സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കിയ നഗരസഭകൾ**

| | | |
|---|---|---|
| 1. ആറ്റിങ്ങൽ | 6. തൊടുപുഴ | 11. വടകര |
| 2. കരുനാഗപ്പള്ളി | 7. മരട് | 12. കല്പറ്റ |
| 3. പത്തനംതിട്ട | 8. തൃശ്ശൂർ | 13. കണ്ണൂർ |
| 4. പാല | 9. പൊന്നാനി | 14. കാസർഗോഡ് |
| 5. മാവേലിക്കര | 10. ചിറ്റൂർ - തട്ടമംഗലം | |



# വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിനായി നടത്തിയ നിക്ഷേപകസംഗമം

പുനർ ചക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കെ.എസ്.ഐ.ഡി.സി, ക്രിൻഫ്ര, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് എന്നിവരുടെ നേതൃത്വത്തിൽ നിക്ഷേപക സംഗമം നടന്നു. മാലിന്യ സംസ്കരണത്തിനുള്ള വ്യക്തവും, പ്രായോഗികവും പരിസ്ഥിതി സൗഹാർദ്ദപരവുമായ പദ്ധതിയുമായി വരുന്ന നിക്ഷേപകർക്ക് എല്ലാവിധ സൗകര്യവും സർക്കാർ നൽകുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും, വ്യവസായ വകുപ്പിന്റെയും കൈവശമുള്ള അനുയോജ്യമായ ഭൂമി ഇത്തരം നിക്ഷേപങ്ങൾക്കു നൽകുന്നു. സംഗമത്തിൽ പങ്കെടുക്കുന്ന പ്രമുഖ നിക്ഷേപകരിൽ പെപ്സി കോ ഇൻഡ്യ, കൊക്കോകോള ഇൻഡ്യ, ഹിന്ദുസ്ഥാൻ യുണിലിവർ, ഐ.ടി.സി., യുറേക്കാ ഫോർബ്സ്, ടി.സി.എസ്., വി-ഗാർഡ്, കേരള പ്ലാസ്റ്റിക് മാനുഫാക്ച്ചേഴ്സ് അസോസിയേഷൻ,




*വികേന്ദ്രീകരണ മാലിന്യസംസ്കരണ നിക്ഷേപക സംഗമം മന്ത്രി ഡോ. കെ.ടി ജലീൽ ഉദ്ഘാടനം ചെയ്യുന്നു.*

ഡിഡ് ആസ്ക് ബയോ എനർജി, ഇൻഡോ ഗ്ലോബൽ പോളിമേഴ്സ്, എക്കോക്കീ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, ഗ്രീൻ വോംസ് എന്നിവർ ഉൾപ്പെടുന്നു.

**ഇല്ക്ട്രോണിക് പാഴ്വസ്തുക്കൾ സ്വയം സംസ്കരിക്കുന്നത് അപകടമാണ്. അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതാണ് ഉത്തമം.**

# ശുചിത്വപരിപാലന സാങ്കേതികവിദ്യ

## മൺകല കമ്പോസ്റ്റിംഗ്

### ആവശ്യമായ സാധനങ്ങൾ

- ഏകദേശം 50സെ.മീ. ഉയരവും മദ്ധ്യഭാഗത്ത് ഒരുമീറ്റർ ചുറ്റ ഉവുള്ളതുമായ 2 മൺകലങ്ങൾ.
- മൺകലങ്ങൾ അടച്ചുവെയ്ക്കാൻപാകത്തിലുള്ള അടപ്പുകൾ
- കലത്തിനുള്ളിലെ ലീച്ചേറ്റ് പുറത്തെടുക്കാൻ സൗകര്യത്തിനായി 15 സെ.മീ.ഉയരത്തിലുള്ള 2 മുക്കാലി സ്റ്റാന്റുകൾ (ലോഹം/തടി/പ്ലാസ്റ്റിക്)
- ലീച്ചേറ്റ് ശേഖരിക്കുന്നതിന് ഒന്നരലിറ്റർകൊള്ളുന്ന 10 സെ.മീ. താഴെ യരമുള്ള സ്റ്റീൽ പാത്രങ്ങൾ

### തയ്യാറാക്കുന്ന വിധം

- മൺകലങ്ങളുടെ അടിവശത്ത് മധ്യത്തിലായി ഒരു സുഷിരം ഉണ്ടാക്കുക, ലീച്ചേറ്റ് പുറത്ത് വരുന്നതിന് വേണ്ടി.
- മൺകലങ്ങൾ 2 സ്റ്റാന്റുകളിലുമായി സ്ഥാപിച്ച് അടപ്പുകൊണ്ട് മൂടിവെക്കുക.



- കലത്തിനുള്ളിൽ അമിതമായി ജലം കെട്ടിക്കിടക്കാതിരിക്കുന്നതിന് വേണ്ടി മരപ്പൊടിയോ ചകിരിപ്പൊടിയോ അല്പം ഇടുക.

### ഉപയോഗക്രമം

- അടുക്കളയിലെ ബക്കറ്റിലോ പാത്രത്തിലോ ശേഖരിക്കുന്ന ആഹാരാവശിഷ്ടങ്ങളും പച്ചക്കറി, മത്സ്യം, മാംസം എന്നിവയുടെ അവശിഷ്ടങ്ങളും അതതു ദിവസം തന്നെ ഒന്നാമത്തെ കലത്തിൽ നിക്ഷേപിച്ച് അടച്ച് സൂക്ഷിക്കുക
- ഏകദേശം ഒരു മാസം ഒരു കലം ഉപയോഗിക്കാം.
- രണ്ടാമത്തെ കലം നിറയാറാകുമ്പോഴേക്കും ഒന്നാമത്തെ കലത്തിലെ മാലിന്യങ്ങൾ കമ്പോസ്റ്റായി കഴിഞ്ഞിട്ടുണ്ടാകും.
- കമ്പോസ്റ്റ് ശേഖരിച്ച് വീട്ടിലെ ചെടികൾക്കോ വൃക്ഷങ്ങൾക്കോ വളമായി ഉപയോഗിക്കാം.



## സെപ്തംബർ 8 ശുചിത്വത്തിനായി ഒരു ദിനം

ഭൂമിക്കും, പരിസ്ഥിതിക്കും, കാലാവസ്ഥയ്ക്കും, അന്താരാഷ്ട്ര ദിനങ്ങൾ ഉള്ളതുപോലെ ഇനി ശുചിത്വത്തിനും ഒരു ദിനം വരുന്നു. **സെപ്തംബർ** 8 അന്താരാഷ്ട്ര ശുചീകരണദിനമായി (Clean up day) ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടന ആലോചിക്കുന്നു. UNEP യുടെ അംഗീകൃത സംഘടനയായ ലറ്റ് അസ് ഡു ഇറ്റ് (Let's do it) ഫൗണ്ടേഷൻ 150 രാഷ്ട്രങ്ങളിൽ സെപ്തംബർ 8 ന് ശുചീകരണദിനമായി ആചരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സംഘടനയുടെ നിർദ്ദേശ പ്രകാരം 2018 'Clean and Healthy Planet' വർഷമായും, സെപ്തംബർ 8, Clean up day ആയും ആചരിക്കുന്ന കാര്യം ഐക്യരാഷ്ട്രസഭയുടെ പരിഗണനയിലാണ്.



## മാലിന്യം കത്തിച്ചാൽ പിഴ

മാലിന്യങ്ങൾ പൊതു സ്ഥലത്തു കത്തിക്കുന്നത് ദേശീയ ഹരിതട്രൈബ്യൂണൽ (എൻ.ജി.ടി) നിരോധിച്ചു. വീഴ്ച വരുത്തുന്നവരിൽ നിന്ന് 25000 രൂപ വരെ പിഴ ഈടാക്കാനും നിർദ്ദേശം. പരിസ്ഥിതി നഷ്ടപരിഹാരമായാണ് പിഴ ഈടാക്കുന്നതെന്ന് എൻ ജി ടി ചെയർമാൻ ജസ്റ്റീസ് സ്വതന്തർ കുമാർ അധ്യക്ഷനായ ബെഞ്ച് പറഞ്ഞു.

മാലിന്യ കുമ്പാരങ്ങൾക്കു തീയിടുന്നതും വയലിലെ അവശിഷ്ടങ്ങൾ കത്തിക്കുന്നതും നിരോധിച്ചിട്ടുണ്ട്. ചെറിയ തോതിലുള്ള മാലിന്യങ്ങൾ കത്തിക്കുന്ന വ്യക്തിയിൽ നിന്ന് 5000 രൂപ പിഴ ഈടാക്കും. മാലിന്യ കൂമ്പാരവും വയലിലെ മാലിന്യങ്ങളും കത്തിക്കുന്ന വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 25000 രൂപ വരെ പിഴ ഈടാക്കും. 2016 ലെ ഖര മാലിന്യ നിയന്ത്രണ ചട്ടങ്ങളുടെ പരിധിയിൽ നിന്നാണ് പിഴ ഈടാക്കാനുള്ള എൻ ജി ടി നിർദ്ദേശം.

ചട്ടങ്ങൾക്കു കീഴിൽ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച കർമ പദ്ധതി തയ്യാറാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടു. തങ്ങളുടെ അധികാര പരിധിയിലുള്ള പ്രദേശത്തെ മാലിന്യ നിർമാർജ്ജനത്തിനു സമയബന്ധിത കർമ പദ്ധതിയാണ് തയ്യാറാക്കേണ്ടത്. ചെറിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വിവിധയിനം പ്ലാസ്റ്റിക്കളുടെ നിരോധനം സംബന്ധിച്ച നിർദ്ദേശം ആറു മാസത്തുനുള്ളിൽ നൽകണമെന്ന് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തോടും എൻ ജി ടി ആവശ്യപ്പെട്ടു. മാലിന്യങ്ങൾ വേർതിരിച്ചു നശിപ്പിക്കാനുള്ള പ്രത്യേക പ്ലാന്റുകൾ നിർമ്മിക്കണം. ഈ പ്ലാന്റുകളുടെ കൃത്യമായ മേൽ നോട്ടവും നടത്തിപ്പും ഉറപ്പു വരുത്തണം. ഖര മാലിന്യ നിർമാർജ്ജനചട്ടം അനുസരിച്ചാണ് പ്ലാന്റുകൾ നിർമ്മിക്കുന്നത്. ഖരമാലിന്യ നിയന്ത്രണം മെച്ചപ്പെടുത്താൻ സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശങ്ങൾക്കു നിർദ്ദേശം നൽകണമെന്ന അപേക്ഷകൾ പരിഗണിച്ചാണ് എൻ.ജി.ടി ഉത്തരവ്.

ലോകത്ത് നിങ്ങൾ കാണാൻ ആഗ്രഹിക്കുന്ന മാറ്റത്തിന്റെ തുടക്കം നിങ്ങളിൽനിന്നുതന്നെയാകട്ടെ.
-മഹാത്മാഗാന്ധി

# സ്വച്ഛസംഗ്രഹ

സ്വച്ഛ് ഭാരത് മിഷന്റെ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങൾക്കും പൊതുജനങ്ങൾക്കും അറിയാൻ കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയം **സ്വച്ഛ സംഗ്രഹ** എന്ന പേരിൽ ഒരു വിജ്ഞാന വ്യാപന പോർട്ടൽ (Knowledge Management Portal) ആരംഭിക്കുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ 60 ജില്ലകളിൽ ആരംഭിക്കുന്ന ഈ പോർട്ടലിൽ കേരളത്തിൽ നിന്നും രണ്ടു ജില്ലകൾ ഉൾപ്പെടുത്തിയിട്ടുണ്ട് - വയനാടും, ആലപ്പുഴയും. വിവിധ ജില്ലകളിൽ നടത്തുന്ന മാലിന്യ സംസ്കരണ ശുചിത്വ പ്രവർത്തനങ്ങളും വിജയഗാഥകളും ഇനി ദേശീയ പോർട്ടലിൽ സ്ഥാനം പിടിക്കും. ഗ്രീൻ പ്രോട്ടോക്കോളും, സ്വാപ്ഷോപ്പും മറ്റ് സംസ്ഥാനക്കാർക്ക് മനസ്സിലാക്കാനും അനുകരിക്കാനും ഇനി കഴിയും. ഈ പോർട്ടലിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്ന വിഷയങ്ങൾ:-

**• ഒ.ഡി.എഫ് പ്രവർത്തന തന്ത്രങ്ങൾ • ശുചിമുറി നിർമ്മാണ സാങ്കേതിക വിദ്യ • നേതൃത്വവും, സംഘാടനവും • ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ • ശീലമാറ്റവും വിജ്ഞാനവിനിമയവും • പട്ടികജാതി,പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾ • സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ • സാമൂഹിക പങ്കാളിത്തം • പരിശോധനയും, വിലയിരുത്തലും**

# ശുചിത്വകേരളത്തിന് നിർമ്മൽഭാഗ്യക്കുറി

ശുചിത്വ കേരളത്തിനു പിൻതുണയേകുന്ന നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറി നിലവിൽ വന്നു. ശുചിത്വമിഷൻ, സംസ്ഥാന ലോട്ടറിവ കുപ്പുമായി സഹകരിച്ചാണ് നിർമ്മൽ ലോട്ടറിക്ക് രൂപം കൊടുത്തത്. ശുചിത്വം, ജൈവപച്ചക്കറി, മാലിന്യസംസ്കരണം എന്നിവ ഉൾപ്പെടുത്തി ശുചിത്വകേരളത്തിനായുള്ള പദ്ധതികൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. നിർമ്മൽ ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിന്റെ ഒരുഭാഗം ശുചിത്വ ക്യാമ്പയിനുവേണ്ടി ഉപയോഗിക്കും.



*നിർമ്മൽ ഭാഗ്യക്കുറിയുടെ പ്രകാശനം സെക്രട്ടറിയേറ്റ് പി.ആർ ചേമ്പറിൽ നടന്ന ചടങ്ങിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകി ഐ.എ.എസ്ന് ആദ്യ ടിക്കറ്റ് നൽകി ധനമന്ത്രി ടി.എം. തോമസ് ഐസക്ക് നിർവ്വഹിക്കുന്നു.*

# നിങ്ങൾക്കറിയാമോ?

1. സ്വഛ്ഭാരത് മിഷന്റെ ടാഗ് ലൈൻ 'ഏക് കദം സ്വച്ഛതാ കി ഓർ' ആരാണ് നിർദ്ദേശിച്ചത്?
2. സ്വഛ്ഭാരത് മിഷന്റെ 'ലോഗോ' (ഗാന്ധിയുടെ കണ്ണാടി) ആരാണ് ഡിസൈൻ ചെയ്തത്?
3. ഇന്ത്യയിൽ ആദ്യമായി വെളിയിട വിസർജ്ജന വിമുക്തമായ സംസ്ഥാനം.
4. അന്താരാഷ്ട്ര ശുചിത്വദിനം (clean-up day) ആയി UNO നിർദ്ദേശിക്കുന്ന ദിനം
5. സ്വച്ഛ് ഭാരത് മിഷൻ ആരംഭിക്കുന്ന വിജ്ഞാന വ്യാപന പോർട്ടൽ?
6. ബയോഗ്യാസ് പ്ലാന്റിൽ നിന്ന് ഉൽപാദിപ്പിക്കുന്ന പ്രധാന വാതകം?
7. വെളിയിട വിസർജ്ജനം തടയുന്നതിന് 'Good morning squad' പ്രവർത്തിക്കുന്ന സംസ്ഥാനം?
8. കേരളത്തിലെ ആദ്യത്തെ Litter free city?
9. ''കുപ്പകൾ, കുപ്പകൾ, കുന്നുകണക്കെ കുമിഞ്ഞു കൂടിയ കുപ്പകൾ മുന്നിൽ കുത്തിയിരുന്നു ചികഞ്ഞു ഞാൻ, കുപ്പേലുണ്ടൊരു മാണിക്യം.'' ആരുടെ വരികൾ?

(ഉത്തരങ്ങൾ നിങ്ങൾക്ക് എഴുതി അയയ്ക്കാം. ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്നും തെരഞ്ഞെടുത്ത 5 പേർക്ക് ആകർഷകമായ സമ്മാനങ്ങൾ. ഉത്തരങ്ങൾ വാർത്താപത്രികകളിൽ നിന്ന് ലഭിക്കും. ഉത്തരങ്ങൾ അയക്കേണ്ട വിലാസം: ചീഫ് എഡിറ്റർ, ശുചിത്വകേരളം, സംസ്ഥാനശുചിത്വമിഷൻ, സ്വരാജ്ഭവൻ, നന്തൻകോട് പി.ഒ, തിരുവനന്തപുരം-695003, ഇമെയിൽ: sanitationkerala@gmail.com, iecsuchitwamission@gmail.com).



# സേവനദാതാക്കളുടെ ശിൽപശാല സംഘടിപ്പിച്ചു

സംസ്ഥാന ശുചിത്വമിഷന്റെ അംഗീകാരത്തോടു കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണ പ്രോജക്ടുകൾക്ക് നിർവഹണ സഹായം നൽകി വരുന്ന സേവനദാതാക്കളുടെ ശിൽപശാല ഫെബ്രുവരി 7 ന് തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ നടന്നു. മാലിന്യ സംസ്കരണ രംഗത്ത് നിലവിലുള്ള പ്രായോഗിക നിർവഹണ പ്രശ്നങ്ങൾ, സേവനദാതാക്കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, സംസ്കരണ ഉപാധികളുടെ കാര്യക്ഷമത പരിശോധിക്കൽ തുടർപ്രവർത്തനങ്ങൾ വിലയിരുത്തൽ തുടങ്ങിയവ ശിൽപശാലയിലെ പ്രതിപാദ്യ വിഷയങ്ങൾ ആയിരുന്നു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകിയുടെ നേതൃത്വത്തിൽ നടന്ന ശിൽപശാലയിൽ ശ്രീ. സി.വി. ജോയി, ഡയറക്ടർ (ഓപ്പറേഷൻസ്), ശ്രീ. എൽ.പി. ചിത്തർ, ഡയറക്ടർ (കുടിവെള്ളം), ശ്രീ. ജയകുമാർ ജെ.എസ്. (സാനിട്ടേഷൻ എക്സ്പെർട്ട്), ശ്രീ. ജി. ജ്യോതിഷ് ചന്ദ്രൻ (പ്രോജക്ട് കൺസൽട്ടന്റ്), ശ്രീ. രഞ്ചു ആർ. പിള്ള, സീനിയർ കൺസൽട്ടന്റ് (ഡിസൈൻ) തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. 100 - ഓളം സേവനദാതാക്കൾ പങ്കെടുത്ത ശിലപശാല വൈകുന്നേരത്തോടെ സമാപിച്ചു.




*ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകിയുടെ നേതൃത്വത്തിൽ നടന്ന ശിൽപശാല*

ആവർത്തിച്ചുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ നിത്യജീവിതത്തിന്റെ ഭാഗമാക്കൂ.

# വലിച്ചെറിയൽ സംസ്കാരത്തിൽ നിന്ന് വഴിമാറാം

മാലിന്യം വലിച്ചെറിയുന്നത് മലയാളിയുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന ശീലമായി മാറി. ദോഷങ്ങളെക്കുറിച്ച് തിരിച്ചറിവുള്ള ഒരു പ്രബുദ്ധമായ സമൂഹത്തിന് ചേർന്ന പ്രവൃത്തിയല്ല ഇത്. നഗരങ്ങളിൽ മാത്രമല്ല, ഗ്രാമങ്ങളിലും ഇത് പതിവ് കാഴ്ചയാണ്. പൊതുസ്ഥലങ്ങളിൽ, നിരത്തുകളിൽ, മാർക്കറ്റുകളുടെ പരിസരങ്ങളിൽ...... അങ്ങിനെ എവിടെയെല്ലാം. കടമ്മനിട്ട പാടിയതുപോലെ ''കുപ്പകൾ കുപ്പകൾ കുന്നുകണക്കെ, കുമിഞ്ഞു കൂടിയ കുപ്പകൾ മുന്നിൽ''. ജീവിക്കാനുള്ള തത്രപാടിൽ നല്ലശീലങ്ങൾ നമുക്ക് കൈമോശം വന്നു. ഉപഭോഗസംസ്കാരത്തിന്റെ ഉപോല്പന്നമായി മാലിന്യം മാറി. മാലിന്യം സ്വന്തം ഉത്തരവാദിത്വമാണ് എന്ന സത്യം നാം മറന്നിട്ടില്ല. പക്ഷേ മറവി നടിച്ചു. ശുചിത്വം ഒരു സംസ്കാരമാണെന്നും സ്വതന്ത്രതയേക്കാൾ ഉപരിയാണ് ശുചിത്വമെന്നും സന്ദേശം നൽകിയ ഗാന്ധിജിയേയും നാം മറന്നുവോ? പക്ഷേ ഭാരത സർക്കാർ മറന്നില്ല. ഗാന്ധിജിയുടെ 150-ാംപിന്നാൾ ആഘോഷിക്കുന്ന 2019 ഒക്ടോബർ 2 ന് മുമ്പ് ഭാരതം ശുചിത്വ സമ്പൂർണ്ണ (സ്വച്ഛ്ഭാരത്) മാകണമെന്ന് സർക്കാർ തീരുമാനിച്ചു. സ്വച്ഛ്ഭാരത്മിഷന്റെ ലോഗോ തന്നെ ഗാന്ധിയൻ കണ്ണടയല്ലേ? 1954 ൽ തുടങ്ങി വച്ച ശുചിത്വമാലിന്യ സംസ്കരണ പദ്ധതികൾ സമ്പൂർണ്ണ സാഫല്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കാം.

മാലിന്യം യഥാർത്ഥത്തിൽ വിഭവം (Resoruce) തന്നെയാണ് ഭക്ഷണസാധനങ്ങളുടെ അവശിഷ്ടങ്ങൾ, മണ്ണിൽ കുഴിച്ചിട്ടാൽ വളമാകും. പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ് വലിച്ചെറിഞ്ഞാൽ മാലിന്യമാകും. പ്ലാസ്റ്റിക്കിനെ കത്തിച്ചാൽ വിഷമാകും. കുഴിച്ചിട്ടാൽ മണ്ണിനുശമനപമാകും. പുനഃചംക്രമണം ചെയ്താൽ വിഭവം (Resource) ആകും. ഓർക്കുക. മലിനമായി ഒന്നും ഇല്ല. മാലിന്യം മനുഷ്യന്റെ സൃഷ്ടിയാണ്. 'കുപ്പേലുണ്ടൊരു മാണിക്യം' എന്ന കവി വാക്യം മറക്കാതിരിക്കുക.

## നമുക്ക് പ്രതിജ്ഞയെടുക്കാം

- ഭക്ഷണാവശിഷ്ടങ്ങൾ എന്റെ കൃഷിത്തോട്ടത്തിലെ ചെടികൾക്ക് ഭക്ഷണമായി നൽകും.
- വീട്ടിലെ ജൈവമാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കും. ജൈവ വളവും ഇന്ധനവും ലഭിക്കുന്ന വിദ്യയെ ഞാൻ പരമാവധി പ്രയോജനപ്പെടുത്തും.
- അതല്ലെങ്കിൽ ജൈവമാലിന്യം ഞാൻ കമ്പോസ്റ്റാക്കും. ഇതിനായി ഏതെങ്കിലും ഒരു കമ്പോസ്റ്റ് രീതി അവലംബിക്കും.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുകയോ, കുഴിച്ചുമൂടുകയോ ചെയ്യില്ല. കഴുകി വൃത്തിയാക്കി ശേഖരിച്ച് പാഴ്വസ്തു വ്യാപാരികൾക്ക് നൽകും.
- ഒരു പ്രാവശ്യത്തെ ഉപയോഗത്തിന് ശേഷം വലിച്ചെറിയുന്ന പാത്രങ്ങൾ ഞാൻ ഉപയോഗിക്കില്ല. പകരം ലോഹ, ചില്ലു പാത്രങ്ങൾ ഉപയോഗിക്കും.



# കണ്ണൂർ മങ്ങാട്ടിടം പഞ്ചായത്തിൽ നടന്ന ഹരിതകല്യാണത്തിന്റെ വിവിധദൃശ്യങ്ങൾ









Printed and published by Executive Director, Suchitwa Mission, Swaraj Bhavan,
Base Floor (-1), Nanthancode, Kowdiar PO, Thiruvananthapuram - 695003
**PHONE** 0471 - 2319831, 2312730 **EMAIL** sanitationkerala@gmail.com, iecsuchitwamission@gmail.com **WEBSITE** www.sanitation.kerala.gov.in
**DESIGN** Godfrey's Graphics **PRINTED AT** KBPS, Kakkanad, Kochi